**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 19** **10-06-2024 - ൽ മറുപടിയ്ക്ക്**

**ഹരിത കർമ്മസേനയുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരിക്കുന്നതിന് രൂപീകരിച്ച ക്ലീൻ കേരള കമ്പനിയുടെ പ്രവർത്തനം വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് അജൈവമാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പിൻതുണാ സംവിധാനമായി തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിൽ ക്ലീൻ കേരള കമ്പനി ഇന്ത്യൻ കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് 2013 മുതൽ പ്രവർത്തിക്കുന്നുണ്ട്. ബഹു തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ചെയർമാനായിട്ടുള്ള ഡയറകടർ ബോർഡാണ് ടി കമ്പനിക്കുള്ളത് . കമ്പനിയുടെ പ്രവർത്തനങ്ങളിൽ പ്രധാനമായും അജൈവമാലിന്യങ്ങളുടെ ശേഖരണം, സംഭരണം, പുന:ചംക്രമണം, ശസ്ത്രീയമായ സംസ്കരണം എന്നിവയാണ്. വിശദമായ പ്രവർത്തനം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഹരിത കർമ്മസേനയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ബി) | ഹരിത കർമ്മ സേനയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ട് . നിലവിൽ 36510 പേർ കുടുംബശ്രീയിൽ നിന്നും ഹരിത കർമ്മ സേന അംഗങ്ങളായി പ്രവർത്തിക്കുന്നു. ഇവർ 4438 സംരംഭ ഗ്രൂപ്പുകളായാണ് പ്രവർത്തിക്കുന്നത്. ഇവരുടെ പ്രവർത്തന പുരോഗതി , യൂസർ ഫീ ലഭ്യത മുതലായവ അതാത് തദ്ദേശ സ്ഥാപനതലത്തിലും കുടുംബശ്രീ സംവിധാനം മുഖേനയും പരിശോധിക്കുകയും പ്രവർത്തനത്തിൽ കൂടുതൽ പുരോഗതി ഉറപ്പാക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുകയും ചെയ്യുന്നുണ്ട്.<br><br>ഹരിതകർമ്മസേനയുടെ പ്രവർത്തന ഫലമായി സംസ്ഥാനത്ത് 77,10,853 വീടുകളിൽ നിന്നും 7,11,597 സ്ഥാപനങ്ങളിൽ നിന്നും വാതിൽപ്പടി മാലിന്യ ശേഖരണം നടത്തി വരുന്നു. ഹരിതകർമ്മസേനയുടെ പ്രവർത്തന ഫലമായി സംസ്ഥാനത്ത് 231 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 100 ശതമാനവും 321 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 90-99 ശതമാനവും 425 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 50-89 ശതമാനവും വാതിൽപ്പടി ശേഖരണം നടത്തിവരുന്നു. ഹരിത കർമ്മസേനയുടെ പ്രവർത്തന ഫലമായി അൻപത് ശതമാനത്തിൽ താഴെ വാതിൽപ്പടി ശേഖരണം നടത്തുന്ന തദ്ദേശ സ്ഥാപനങ്ങളുടെ എണ്ണം 57 ആയി കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വാതിൽപ്പടി ശേഖരണം പടിപടിയായി ഉയർത്തി നൂറ് ശതമാനം വാതിൽപ്പടി ശേഖരണത്തിലേക്കെത്തിക്കുവാനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു. |
| (സി) | ഹരിത കർമ്മസേന ശേഖരിക്കുന്ന പ്ലാസ്റ്റിക് ഉപയോഗിച്ച് റോഡ് നിർമ്മാണം നടത്തുന്നതിന് ശാസ്ത്രീയമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (സി) | LSGD ചീഫ് എഞ്ചിനീയറുടെ 19.03.2019 ലെ DB3-753/2012/CE/LSGD നം. സർക്കുലർ പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ് ഏറ്റെടുക്കുന്ന റോഡ് ടാറിംഗ് പ്രവർത്തികളിൽ 20% പ്രവൃത്തികൾ എങ്കിലും പ്ലാസ്റ്റിക് കൂടി ഉൾപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്.<br><br>റിസോഴ്സ് റിക്കവറി ഫെസിലിറ്റികളിൽ ശേഖരിക്കുന്ന പാഴ്വസ്തുക്കളിൽ തരംതിരിവിന് ശേഷം വരുന്നവയിൽ റോഡ് നിർമ്മാണത്തിന് ഉപയോഗിക്കുവാൻ കഴിയുന്ന പ്ലാസ്റ്റിക്കുകൾ ഐആർസി കോഡ് നിഷ്കർഷിക്കുന്ന പ്രകാരമാണ് ഉപയോഗിക്കുന്നത്. ഖരമാലിന്യ സംസ്കരണത്തിന്റെ ഭാഗമായി പ്ലാസ്റ്റിക് പാഴ്വസ്തുക്കൾ പരിസ്ഥിതി മലിനീകരണം ഉണ്ടാകാത്ത രീതിയിലാണ് റോഡ് നിർമ്മാണ പ്രവർത്തികളിൽ ഉപയോഗിക്കുന്നത്. ആവശ്യാനുസരണം ഇതു സംബന്ധിച്ച ട്രെയിനിംഗ് നൽകിയിട്ടുണ്ട്.തദ്ദേശസ്ഥാപനങ്ങൾക്ക് പുറമെ, പൊതുമരാമത്ത് വകുപ്പ്, നാഷണൽ ഹൈവേ അതോറിറ്റി എന്നിവരുടെ പ്രസ്തുത പ്രവർത്തികൾക്കായി ഷ്രെഡ്ഡഡ് പ്ലാസ്റ്റിക്കുകൾ ക്ലീൻ കേരളാ കമ്പനി നൽകുന്നുണ്ട്. ഷ്രെഡ്ഡഡ് പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള റോഡ് ടാറിംഗിന് കൂടുതൽ ലൈഫ് ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്.<br><br>ഷ്രെഡ്ഡഡ് പ്ലാസ്റ്റിക് ഉപയോഗത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു (മെട്രിക്ക് ടണ്ണിൽ ) |

| വർഷം | നാഷണൽ ഹൈവെ | പൊതുമരാമത്ത് | തദ്ദേശസ്വയംഭരണ | ആകെ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | അതോറിറ്റി ഓഫ് ഇൻഡ്യ/മറ്റുളളവ | വകുപ്പ് | സ്ഥാപനങ്ങൾ | |
| 2016-2017 | 0 | 5.11 | 18.71 | 23.82 |
| 2017-2018 | 0 | 52.4 | 122.38 | 174.78 |
| 2018-2019 | 0 | 136.09 | 143.86 | 279.95 |
| 2019-2020 | 5.03 | 303.92 | 305.92 | 614.87 |
| 2020-2021 | 6.15 | 379.8 | 529.8 | 915.75 |
| 2021-2022 | 2.528 | 370.659 | 361.578 | 734.765 |
| 2022-2023 | 0.226 | 273.695 | 96.173 | 370.094 |
| 2023-2024 | 0 | 107.94 | 92.64 | 200.58 |
| ആകെ | 13.934 | 1629.614 | 1671.061 | 3314.609 |

| | | | |
|---|---|---|---|
| (ഡി) | ഹരിത കർമ്മസേന ശേഖരിക്കുന്ന മാലിന്യം പൊതുനിരത്തിൽ ഉപേക്ഷിക്കുന്നു എന്ന പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ പരിശോധിക്കുമോ; | (ഡി) | ഉണ്ട്. ലഭിച്ചിട്ടുള്ള പരാതികളെ സംബന്ധിച്ച് പരിശോധിച്ചതിൽ ഹരിത കർമ്മ സേനാംഗങ്ങൾ ശേഖരിക്കുന്ന മാലിന്യം പൊതു നിരത്തുകളിലോ മറ്റ് പൊതു ഇടങ്ങളിലോ ഉപേക്ഷിച്ച് പോകുന്നില്ല എന്നും ,മറിച്ച് ചിലയിടങ്ങളിൽ MCF ലേക്കുള്ള വാഹനത്തിലേക്ക് ലോഡ് ചെയ്യുന്നതിനായി സൗകര്യപ്രദമായ ചില ഭാഗങ്ങളിൽ ശേഖരിച്ച് വക്കുന്നതാണെന്നും അറിയാൻ കഴിഞ്ഞിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് വാഹന ലഭ്യത യഥാസമയം ഉറപ്പാക്കുന്നതിന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |
| (ഇ) | പ്രസ്തുത കർമ്മസേന അനധികൃതമായി പണപ്പിരിവ് നടത്തുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനെതിരെ നടപടി സ്വീകരിക്കുമോ? | (ഇ) | അത്തരത്തിലുള്ള പരാതി ശ്രദ്ധയിൽപെട്ടിട്ടില്ല. എന്നാൽ ഹരിത കർമ്മ സേന പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്ന തരത്തിലുള്ള ചില വ്യാജ പ്രചരണങ്ങൾ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇത്തരത്തിലുള്ള വ്യാജ പ്രചരണങ്ങൾക്കെതിരെ നിയമ നടപടി സ്വീകരിക്കുന്നതിനുവേണ്ടി ആയത് സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും അതിന്റെ അടിസ്ഥാനത്തിൽ 06-01-2023-ലെ സ.ഉ (സാധാ) 41/2023/ ത.സ്വ.ഭ നം സർക്കാർ ഉത്തരവ് പ്രകാരം ഇത്തരത്തിൽ വ്യാജ പ്രചരണം നടത്തുന്നവർക്കെതിരെ നിയമാനുസൃത നടപടി സ്വീകരിക്കുന്നതിന് അതാത് സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

സംസ്ഥാനത്ത് മാലിന്യ നിർമാർജന പ്രവർത്തനങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പിന്തുണ സംവിധാനമായി അജൈവ മാലിന്യ മേഖല കേന്ദ്രീകരിച്ച പ്രവർത്തിക്കുന്നതും ഇന്ത്യൻ കമ്പനി നിയമ പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിനു കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനമാണ് ക്ലീൻ കേരള കമ്പനി ലിമിറ്റഡ്

സംഘാടനം - (**കമ്പനിയുടെ ഡയറക്ടർ ബോർഡ്**)

**ചെയർമാൻ**

ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി

**ഡയറക്ടർമാർ**

അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്,

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്,

ഡയറക്ടർ, നഗരകാര്യം തദ്ദേശ സ്വയംഭരണ വകുപ്പ്,

എക്സിക്യൂട്ടീവ് ഡയറക്ടർ ശുചിത്വ മിഷൻ,

ചെയർമാൻ, മുനിസിപ്പൽ ചെയർമാൻമാരുടെ ചേംബർ

പ്രതിനിധി, ധനകാര്യ വകുപ്പ്

പ്രതിനിധി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്, പ്രതിനിധികൾ

മാനേജിങ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്

**ക്ലീൻ കേരള കമ്പനി ഏറ്റെടുത്ത് നടപ്പിലാക്കുന്ന പദ്ധതികൾ**

കമ്പനിയുടെ പ്രവർത്തനങ്ങളിൽ പ്രധാനമായും അജൈവമാലിന്യങ്ങളുടെ ശേഖരണം, സംഭരണം, പുന:ചംക്രമണം, ശാസ്ത്രീയമായ സംസ്കരണം

എന്നിവയാണ് നടപ്പിലാക്കുന്ന പദ്ധതികൾ. തദ്ദേശസ്ഥാപനങ്ങളിൽ നിന്നും, സർക്കാർ സ്ഥാപനങ്ങളിൽ നിന്നും ഈ വിധത്തിൽ അജൈവ പാഴ് വസ്തു ശേഖരണം നടത്തുന്നുണ്ട്.

## റിസോഴ്സസ് റിക്കവറി ഫെസിലിറ്റികൾ (RRF)

വികേന്ദ്രീകൃത മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ ക്ലീൻ കേരള കമ്പനി സജീവമായി പങ്കെടുക്കുകയും ബ്ലോക്ക് മുനിസിപ്പൽ കോർപ്പറേഷൻ തലത്തിൽ റിസോഴ്സ് റിക്കവറി ഫെസിലിറ്റികളുടെ പ്രവർത്തന പരിപാലനം നടത്തുന്നു. ആർആർഎഫുകളുടെ പ്രവർത്തന പരിപാലനവുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശേഖരിക്കുന്ന പാഴ്വസ്തുക്കൾ ആർആർഎഫു കളിൽ എത്തിച്ച് ആർആർഎഫിലെ ആക്ടിവിറ്റി ഗ്രൂപ്പിനെ ഉപയോഗിച്ച് തരംതിരിക്കുകയും, പുനഃചംക്രമണയോഗ്യമായവ പുനഃചംക്രമണ ഏജൻസികൾക്കും, അല്ലാത്തവ ഷ്രെഡ്ഡ് ചെയ്ത് റോഡ് നിർമ്മാണത്തിന് നൽകുന്ന രീതിയിലുമാണ് പ്രവർത്തനം. നിഷ്ക്രിയ മാലിന്യങ്ങൾ ശാസ്ത്രീയമായ ഡിസ്പോസലിനാണ് നൽകുന്നത്.

## ഹരിത കർമ്മ സേന പ്രവർത്തനം വ്യാപിപ്പിക്കുന്നതിനു സ്വീകരിച്ച നടപടികൾ

ഹരിത കർമ്മ സേന ശേഖരിക്കുന്ന ഉപയോഗിച്ച് ഉപേക്ഷിക്കുന്ന പാഴ്വസ്തുക്കൾക്ക് വില നിശ്ചയിക്കുകയും അത് വില കൊടുത്തു വാങ്ങുന്ന പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു. 2021 ജനുവരി 26 നു നടന്ന കാംപയിനിൽ 572 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും 337 മെട്രിക് ടൺ പാഴ്വസ്തുക്കൾ വാങ്ങുകയും 25.12 ലക്ഷം രൂപ നൽകുകയുമുണ്ടായി. പ്രസ്തുത പദ്ധതിയുടെ തുടർപ്രവത്തനം എന്ന നിലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഇപ്രകാരം 2024 ഏപ്രിൽ 30 വരെ 27,484.20 മെട്രിക് ടൺ തരംതിരിച്ച പാഴ്വസ്തുക്കൾ ശേഖരിക്കുകയും 18.41 കോടി രൂപ ഹരിതകർമ്മ സേന അംഗങ്ങൾക്ക് നൽകിയിട്ടുണ്ട്.

| Year | Rejects waste Collection | Segregated waste collected | Payment to HKS |
|---|---|---|---|
| 2020-21 | 10147.202 MT6 | 610.899 MT | Rs.0.44cr |
| 2021-22 | 17,191.426 MT | 4414.808 MT | Rs. 2.35cr |
| 2022-23 | 19,782.165 MT | 8462.818MT | Rs. 5.08cr |
| 2023-24 | 30,606.346 MT | 13,090.281 MT | Rs. 9.79cr |
| 2024-25 | 905.449 MT | 2059.964 MT | Rs.0.74cr |

| | | | |
|---|---|---|---|
| (April,May) | | | |
| **Total** | **79,787.103 MT** | **27,484.255 MT** | **Rs.18.41cr** |

**<u>ഷ്രെഡ്ഡ്ഡ് പ്ലാസ്റ്റിക്കുകളുടെ ഉൽപാദനം</u>**

ഖരമാലിന്യ സംസ്കരണത്തിന്റെ ഭാഗമായി പുന:ചാക്രമണയോഗ്യമല്ലാത്തതും 60 മൈക്രോണിൽ താഴെ കനമുള്ളതും വിപണി മൂല്യം ഇല്ലാത്തതുമായ പ്ലാസ്റ്റിക് മാലിന്യങ്ങൾ ഷ്രെഡ് ചെയ്ത് റോഡ് നിർമ്മാണ പ്രവർത്തികൾക്ക് ഉപയോഗിക്കുന്നതാണ് പദ്ധതി. ഷ്രെഡ്ഡ്ഡ് പ്ലാസ്റ്റിക്കുകളുടെ ഉൽപാദനം 164 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടക്കുന്നുണ്ട്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ, പൊതുമരാമത്ത് വകുപ്പ് എന്നിവ നടപ്പിലാക്കിയ റോഡ് നിർമ്മാണ പ്രവർത്തികളിൽ 2016 മുതൽ 2024 ഏപ്രിൽ മാസം വരെ 3615.02 ടൺ ഉൽപാദിപ്പിച്ച് വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

| Shredded Plastic Production | |
|---|---|
| **2016-2017** | 23.82 |
| **2017-2018** | 174.78 |
| **2018-2019** | 439.187 |
| **2019-2020** | 665.593 |
| **2020-2021** | 1000 |
| **2021-2022** | 739.765 |
| **2022-2023** | 371 |
| **2023-2024** | 200.87 |
| **Total** | **3615.02** |

**<u>നിഷ്ക്രിയ മാലിന്യ ശേഖരണം</u>**

- **2018 ലെ പ്രളയബാധിത പ്രദേശങ്ങളിലെ അജൈവമാലിന്യ ശേഖരണം**

  പ്രളയബാധിത ജില്ലകളിൽ നിന്നുമുള്ള 18233.62 മെട്രിക് ടൺ അജൈവ മാലിന്യങ്ങൾ ശേഖരിച്ചു നീക്കം ചെയ്യുകയുണ്ടായി.

- **<u>മഴക്കാലപൂർവ്വ ശുചീകരണം, ദേശീയ പാതയോര ശുചീകരണം</u>**

- **<u>ദേശിയ ഹരിത ട്രിബ്യൂണൽ ഉത്തരവ് പ്രകാരമുള്ള നിഷ്ക്രിയ മാലിന്യ ശേഖരണം</u>**

തദ്ദേശസ്ഥാപനങ്ങളിലെ വാതിൽപ്പടി ശേഖരണം ഊർജ്ജിതമായി നടന്നുവരുന്ന സാഹചര്യത്തിൽ എംസിഎഫുകളിലേക്ക് എത്തുന്ന അജൈവ പാഴ്വസ്തുക്കളുടെ അളവിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഇതുകാരണം തരംതിരിക്കൽ പ്രവർത്തനങ്ങൾക്ക് ശേഷം ഉണ്ടാകുന്ന അളവിലും വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ക്ലീൻ കേരള കമ്പനിയുടെ നിഷ്ക്രിയ മാലിന്യ ശേഖരണം ദേശീയ ഹരിത ട്രൈബ്യൂണലിന്റെ വ്യവസ്ഥകൾ ഉൾപ്പെടുത്തി നൽകിയിട്ടുള്ള സ ഉ(ആർടി)നം. 1673/2021 എൽഎസ്ജിഡി തീയ്യതി 06/09/2021 അനുസരിച്ചാണ്. ശേഖരണ പ്രവർത്തനങ്ങൾക്ക് മലിനീകരണ നിയന്ത്രണ ബോർഡിന്റെ അംഗീകാരമുള്ള ഗോഡൌണുകൾ കമ്പനി ഉപയോഗിക്കുന്നുണ്ട്. നിഷ്ക്രിയ മാലിന്യങ്ങളുടെ ശാസ്ത്രീയമായ സംസ്കരണത്തിന് സംസ്ഥാനത്തിന് പുറത്ത് പ്രവർത്തിക്കുന്ന സിമന്റ് ഫാക്ടറികളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. നാളിതുവരെ 69,639.90 മെട്രിക്ക് ടൺ നിഷ്ക്രിയ മാലിന്യങ്ങളാണ് സംസ്കരണത്തിനായി നൽകിയിട്ടുള്ളത്. കഴിഞ്ഞ രണ്ട് വർഷങ്ങളിലായി കമ്പനി തദ്ദേശസ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച പാഴ്വസ്തുക്കളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**<u>ക്ലീൻ കേരള കമ്പനി ശേഖരിച്ച പാഴ്വസ്തുക്കളുടെ വിവരം</u>**
**<u>(2022-23 ഏപ്രിൽ -- മാർച്ച്)</u>**

- തരാതിരിച്ച പ്ലാസ്റ്റിക് : 8462820.00 കി.ഗ്രാം
- റിജക്ട്സ് : 10134038 കി.ഗ്രാം
- ലെഗസി : 7610529 കി.ഗ്രാം
- ഇ-വേസ്റ്റ് : 197868 കി.ഗ്രാം
- ഹസാഡസ് : 36645 കി.ഗ്രാം
- ചില്ലുമാലിന്യം : 1053693 കി.ഗ്രാം
- തുണിമാലിന്യം : 327712 കി.ഗ്രാം
- ചെരുപ്പ്, ബാഗ്, തെർമോക്കോൾ : 2037598 കി.ഗ്രാം
- വാഹന ടയർ ശേഖരണം : 1140 കി.ഗ്രാം
- മരുന്ന് സ്ട്രിപ്പ് : 7774 കി.ഗ്രാം
- ഷ്രെഡ്ഡ് പ്ലാസ്റ്റിക് ഉൽപ്പാദിപ്പിച്ചത് : 259997 കി.ഗ്രാം
- ഷ്രെഡ്ഡ് പ്ലാസ്റ്റിക് ഉപയോഗിച്ചത് : 55922 കി.ഗ്രാം
- സ്ക്രാപ്പ് : 32825 കി.ഗ്രാം
- ശേഖരിച്ച ആകെ മാലിന്യം : 30218561 കി.ഗ്രാം

- ഹരിതകർമ്മസേനയ്ക്ക് നൽകിയ തുക : 558,05, 380 കോടി

## ക്ലീൻ കേരള കമ്പനി ശേഖരിച്ച പാഴ്വസ്തുക്കളുടെ വിവരം (2023-24 ഏപ്രിൽ -- മാർച്ച്)

- തരംതിരിച്ച പ്ലാസ്റ്റിക് : 11009613.00 കി.ഗ്രാം
- റിജക്ടസ് : 20186252 കി.ഗ്രാം
- ലെഗസി : 8916827 കി.ഗ്രാം
- ഇ-വേസ്റ്റ് : 247173 കി.ഗ്രാം
- ഹസാഡസ് : 30392 കി.ഗ്രാം
- ചില്ലുമാലിന്യം : 2707273 കി.ഗ്രാം
- തുണിമാലിന്യം : 450633 കി.ഗ്രാം
- ചെരുപ്പ്, ബാഗ്, തെർമോക്കോൾ : 1503267 കി.ഗ്രാം
- വാഹന ടയർ ശേഖരണം : 6928 കി.ഗ്രാം
- മരുന്ന് സ്ട്രിപ്പ് : 8172 കി.ഗ്രാം
- ഷ്രെഡ്ഡ്ഡ് പ്ലാസ്റ്റിക് ഉൽപ്പാദിപ്പിച്ചത് : 200874 കി.ഗ്രാം
- ഷ്രെഡ്ഡ്ഡ് പ്ലാസ്റ്റിക് ഉപയോഗിച്ചത് : 185205 കി.ഗ്രാം
- സ്ക്രാപ്പ് : 200587 കി.ഗ്രാം
- ശേഖരിച്ച ആകെ മാലിന്യം : 347548699 കി.ഗ്രാം
- ഹരിതകർമ്മസേനയ്ക്ക് നൽകിയ തുക : 9.79 കോടി

## ശുചിത്വ പദവി സംബന്ധിച്ച പുരോഗതി റിപ്പോർട്ട്

2020 - 21 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പ്രകാരം 500 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശുചിത്വ പദവി കൈവരിക്കുന്ന പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കുകയും 891 തദ്ദേശ സ്ഥാപനങ്ങളെ ശുചിത്വ പദവി നേടുന്നതിന് സഹായിക്കുകയും ചെയ്തു. ഇതിന്റെ ഭാഗമായി 9839 മെട്രിക് ടൺ പാഴ്വസ്തുക്കൾ നീക്കം ചെയ്യുകയുണ്ടായി.

- **ഇ-വേസ്റ്റ് മാലിന്യങ്ങളുടെ ശേഖരണവും, ശാസ്ത്രീയ പുന:ചംക്രമണവും**

സംസ്ഥാനത്തെ എല്ലാ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും, പൊതുമേഖലാ

സ്ഥാപനങ്ങളിൽ നിന്നും, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും, വ്യവസായ സ്ഥാപനങ്ങളിൽ നിന്നും 2024 ഏപ്രിൽ മാസം വരെ 2311,643 ടൺ ഇ-മാലിന്യങ്ങൾ ശേഖരിച്ച് ശാസ്ത്രീയമായി പുന:ചാക്രമണം നടത്തി.

- **ആപൽകരമായ ഇലക്ട്രിക്കൽ മാലിന്യങ്ങളുടെ ശേഖരണവും, ശാസ്ത്രീയ പുന:ചാക്രമണവും**

മൂല്യ വർദ്ധിത സേവനമെന്ന നിലയിൽ ആപൽകരമായ മാലിന്യത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ട്യൂബ് ലൈററുകൾ, സിഎഫ്എൽ, പ്രിന്റർ കാർട്ടിജുകൾ, സിഡി, പൊട്ടിയ മോണിറ്ററുകൾ, ബൾബുകൾ എന്നിവ പ്രത്യേകമായി ശേഖരിച്ച് ശാസ്ത്രീയമായി സംസ്കരിക്കുകയും ചെയ്യുന്നുണ്ട്. 160.725 മെടിക് ടൺ അപകടകരമായ മാലിന്യം ശേഖരിച്ച സംസ്കരിക്കുകയുണ്ടായി

- **<u>ഗ്ലാസ്, ചില്ല് കുപ്പികൾ എന്നിവയുടെ ശേഖരണവും, സംസ്കരണവും</u>**

ബിയർ കുപ്പികളും, ഗ്ലാസ് (ചില്ല്) മാലിന്യങ്ങളും, ഇതര ഗ്ലാസ് നിർമ്മിത കുപ്പികളും മറ്റുംശേഖരിച്ച്, പുന:ചംക്രമണ ഏജൻസികൾക്കും, സംസ്കരണശാലകൾക്കും കൈമാറുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതുവരെ 3792.ടൺ ഗ്ലാസ്, ചില്ല് മാലിന്യങ്ങൾ ശേഖരിച്ചിട്ടുണ്ട് .

- റിജെക്റ്റ്സ് മാലിന്യങ്ങൾ കമ്പനി നേരിട്ടും, എംപാനൽ ചെയ്തിട്ടുള്ള ഏജൻസികൾ മുഖേനെയും തമിഴ്നാട്, കർണാടക, ആന്ധ്രാ എന്നി സംസ്ഥാനങ്ങളിലെ സിമന്റ് ഫാക്ടറികളിലേക്കാണ് നൽകുന്നത്.

**<u>റീ ബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി ആറു മേഖലകളിൽ പദ്ധതികൾ</u>**

**അടങ്കൽ തുക 53.5 രൂപ**

- സംയോജിത പ്ലാസ്റ്റിക് മാലിന്യ സംസ്കരണ സംവിധാനം - 2 എണ്ണം:
- ചില്ല് മാലിന്യ സംസ്കരണ സംവിധാനം 3 കേന്ദ്രങ്ങളിൽ
- സർക്കാർ ഓഫീസ് സമുച്ചയങ്ങളിൽ മാലിന്യ സംഭരണ കേന്ദ്രങ്ങൾ (32 കേന്ദ്രങ്ങൾ)
- ജില്ലാതല മാലിന്യ സംഭരണത്തിനും,തരംതിരിക്കലിനും, കൈയ്യൊഴിയലിനുമുള്ള സംവിധാനം(14 കേന്ദ്രങ്ങൾ)

- എല്ലാ ജില്ലകളിലും പ്ലാസ്റ്റിക് റീസൈക്ലിംഗ് യൂണിറ്റുകൾ പ്രവർത്തി പഥത്തിലെത്തിക്കുകയാണ് ലക്ഷ്യം. കാസർകോട്, പാലക്കാട്, തൃശ്ശൂർ, മലപ്പുറം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിൽ ഒരേക്കറിൽ കുറയാത്ത ഭൂമി ലഭിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പത്തനംതിട്ട ജില്ലയിൽ നിർമ്മാണം പൂർത്തിയായി. 8 ജില്ലകളിൽ ഭൂമി കണ്ടെത്താനുള്ള പരിശ്രമം നടത്തുന്നു. RDF പ്ലാന്റ് പാലക്കാട് ജില്ലയിൽ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

- കമ്പനിയുടെ പ്രവർത്തങ്ങൾ നേരിട്ട് കാണുന്നതിനും, അത് മാതൃകയാക്കി പ്രവർത്തനം ആരംഭിക്കുന്നതിനായി തമിഴ്നാട്, കർണാടക, വെസ്റ്റ് ബംഗാൾ സംസ്ഥാനങ്ങളിലെ പ്രതിധിനികൾ കമ്പനി സന്ദർശിച്ച് ആശയവിനിമയം നടത്തിയിട്ടുള്ളതാണ്.